# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1275 30/09/2011-ൽ മറുപടിക്ക്**

## ഇ.എസ്.ഐ. ഡിസ്പെൻസറികൾ മെച്ചപ്പെടുത്താൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | സർക്കാരിന്റ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 10 ഇ.എസ്.ഐ സ്ഥാപനങ്ങളുടെ നവീകരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 20 കിടക്കകളുള്ള ഒരു ആയുർവേദ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ ഡയമണ്ട് ജൂബിലിയുടെ ഭാഗമായി എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികൾക്കും അവിടത്തെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന 32 ഇനം ഉപകരണങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്കും ഇൻഡ്യയിലെ ഏതു ഡിസ്പെൻസറികളിൽ നിന്നും ചികിത്സ നേടുന്നതിന് സഹായകമാകുന്ന |

'പഹചാൻ കാർഡ്' നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ സൗജന്യമായി സ്വകാര്യ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

പുതിയതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിനായി പല പ്രദേശങ്ങളിൽ നിന്നായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം ഇവ അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ